**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല**

**പ്രവചന കാലയളവ് 08.11.2025 മുതൽ 12.11.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 45/2025 (89) വെള്ളിയാഴ്ച | തീയ്യതി 07/11/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 08.11.2025 | 09.11.2025 | 10.11.2025 | 11.11.2025 | 12.11.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.5 | 1 | 0.1 | 0.1 | 0.1 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 3 | 3 | 2 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 290 | 250 | 270 | 90 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 5 | 7 | 8 |

**കാലാവസ്ഥാ അറിയിപ്പ്:-** IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത. കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-.മണ്ണ് പരിശോധന അടിസ്ഥാനത്തിൽ വേണം വളപ്രയോഗം നടത്താൻ. അമ്ളാംശം കൂടിയ മണ്ണിൽ നിന്ന് വിളകൾക്ക് പോഷകങ്ങൾ വലിച്ചെടുക്കാൻ സാധിക്കാത്തതിനാൽ ആവശ്യാനുസരണം കുമ്മായം ചേർത്ത് 10 ദിവസത്തിന് ശേഷം മാത്രമേ വളപ്രയോഗം നടത്താവൂ.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറ് പരുവം | തവിട്ടു പുള്ളിക്കുത്ത് | നെൽപ്പാടങ്ങളിൽ തവിട്ടു പുള്ളിക്കുത്തു രോഗം കണ്ടുവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പ്രൊപിനെബ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| വാഴ | സിഗട്ടോക്ക രോഗം | വാഴയിലെ സിഗട്ടോക്ക രോഗം തടയുന്നതിനായി നിശ്ചിത അകലത്തിൽ വാഴകൾ നടാൻ ശ്രദ്ധിക്കുക. രോഗം വന്ന ഭാഗങ്ങൾ മുറിച്ച് നശിപ്പിക്കുക. സിഗട്ടോക്ക രോഗത്തിനെതിരെ 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ച് കൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ 1 ml പ്രൊപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തെളിഞ്ഞ കാലാവസ്ഥയിൽതളിച്ച് കൊടുക്കുക. |
| വഴുതന | തണ്ട് തുരപ്പൻ | വഴുതനയിൽ കാണപ്പെടുന്ന തണ്ട് തുരപ്പന്റെ ആക്രമണം നിയന്ത്രിക്കുന്നതിനായി 5% വീര്യമുള്ള വേപ്പിൻകുരു സത്ത് 10 ദിവസം ഇടവിട്ട് തളിച്ചു കൊടുക്കാവുന്നതാണ്. അല്ലെങ്കിൽ ബാസ്സിലസ് തുറിഞ്ചിയൻസിസ് ഫോർമുലേഷനുകൾ ശർക്കര കൂടി ചേർത്ത് ഉപയോഗിക്കാവുന്നതാണ്. |
| കാബ്ബേജ്, കോളിഫ്ലവർ | വളപ്രയോഗം | കാബ്ബേജ് ,കോളിഫ്ലവർ എന്നിവയുടെ തൈകൾ നട്ട് ഏഴ് ദിവസത്തിനു ശേഷം വളപ്രയോഗം നടത്തവുന്നതാണ്.ഒരു സെന്റിന് 650 ഗ്രാം യൂറിയ,2200 ഗ്രാം രാജ്ഫോസ്,400 ഗ്രാം പൊട്ടാഷ് എന്നിവ മണ്ണിൽ നനവുള്ളപ്പോൾ ചേർത്ത് ഇളക്കി കൊടുക്കുക. |

മൃഗസംരക്ഷണം:- കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS KVASU, Mannuthy)